**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2407** **12-02-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശ പൊതു സർവീസ് സംബന്ധിച്ച ആശങ്കകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശ പൊതു സർവീസ് സംബന്ധിച്ച് ജീവനക്കാരുടെ ആശങ്കകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വിശേഷാൽ ചട്ടങ്ങളിന്മേൽ ജീവനക്കാർക്ക് എന്തെങ്കിലും തരത്തിലുള്ള പരാതികൾ ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനായി 27.10.2022 തീയതി പ്രാബല്യത്തിൽ പരാതി പരിഹാര സെൽ നിലവിൽ വന്നിട്ടുണ്ട്. പരാതികളിന്മേൽ പരാതി പരിഹാര സെൽ റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിക്കുന്ന മുറയ്ക്ക് ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | തദ്ദേശ പൊതു സർവീസ് നടപ്പിലാക്കിയപ്പോൾ പ്രമോഷൻ, ഡെപ്യൂട്ടേഷൻ, വർക്കിംഗ് അറേഞ്ച്മെന്റ് ഉൾപ്പെടെയുള്ള വ്യവസ്ഥകളിലായി പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ? | (ബി) | ഏകീകത തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകരണത്തിന്റെ ഭാഗമായി 25.06.2022 ലെ സ.ഉ (കൈ) നം. 134/2022/തസ്വഭവ ഉത്തരവ് പ്രകാരം അഡീഷണൽ ഡയറക്ടറുടെ 1 തസ്തികയും ജോയിന്റ് ഡയറക്ടറുടെ 7 തസ്തികയും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.<br><br>സംസ്ഥാനത്തെ കോർപ്പറേഷനുകളിലും മുൻസിപ്പാലിറ്റികളിലും അക്കൗണ്ട്സ് വിഭാഗത്തിലും ആരോഗ്യ വിഭാഗത്തിലുമായി 354 അധിക തസ്തികകൾ സൃഷ്ടിച്ചും നിലവിൽ അപ്രധാനമായ 578 തസ്തികകൾ നിർത്തലാക്കിയും 22.12.2022ലെ സ.ഉ (കൈ) നം. 277/2022/തസ്വഭവ പ്രകാരം ഉത്തരവായിരുന്നു. അതിൻ പ്രകാരം സൃഷ്ടിക്കപ്പെട്ടിട്ടുള്ള തസ്തികകളുടെ വിവരം ചുവടെ ചേർക്കുന്നു. |

| **തസ്തികയുടെ പേര്** | **എണ്ണ** |
|---|---|
| അക്കൗണ്ട്സ് ഓഫീസർ | 6 |
| അക്കൗണ്ട്സ് അസിസ്റ്റന്റ് | 93 |
| ഹെൽത്ത് ഓഫീസർ | 2 |
| ഹെൽത്ത് സൂപ്പർവൈസർ | 51 |
| ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 1 | 5 |
| ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 2 | 6 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 11 |

| | |
|---|---|
| ഗ്രേഡ് - 1 | |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 2 | 180 |

24/06/2022 ലെ സ.ഉ(കൈ)നം. 133/2022/തസ്വഭവ ഉത്തരവ് പ്രകാരം കോഴിക്കോട് ജില്ലയിലെ നഗരസഭകളിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ അധിക തസ്തിക സൃഷ്ടിച്ച് ഉത്തരവായിരുന്നു. സൃഷ്ടിക്കപ്പെട്ടിട്ടുള്ള തസ്തികകളുടെ വിവരം ചുവടെ ചേർക്കുന്നു.

| **തസ്തികയുടെ പേര്** | **എണ്ണ** |
|---|---|
| ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 2 | 3 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 1 | 2 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 2 | 12 |

മേൽ ഉത്തരവുകൾ പ്രകാരം ആകെ 379 തസ്തികകളാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്.

സെക്ഷൻ ഓഫീസർ